# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം
## തിരുവനന്തപുരം

വിഷയം :- ആ.വ.ഡ–ജീവനക്കാര്യം –സ്പെഷ്യാലിറ്റി കേഡർ – ഡോ. രാഹുൽ മാത്യു, ജൂനിയർ കൺസൽട്ടൻറ് (ജനറൽ സർജറി)–നിയമന ഉത്തരവിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :- 1. സ.ഉ (സാധാ) നം.327/2022/ആ.കു.വ തീയതി 10.02.2022
2. ഉത്തരവ് നം . ഇ.എ 1 –12992/2022/ആ.വ.ഡ തീയതി 22.02.2022
3. നം. എ 1 –217/ 2022 /ജി.മെ.ആ ആലപ്പുഴ തീയതി 29.09.2022

**ഉത്തരവ് നം. ഇ.എ 1 –3203/2022/ആ.വ.ഡ തീയതി 22.10.2022**

ആരോഗ്യവകുപ്പിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയിരുന്ന ഡോ.രാഹുൽ മാത്യു, അന്യത്ര സേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 19.02.2022 മുതൽ 22.02.2022 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടു പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു .

ആരോഗ്യവകുപ്പിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ജോലി ചെയ്തു വരവേ നാഷണൽ ഹെൽത്ത് മിഷനിൽ അന്യത്ര സേവനത്തിൽ പ്രവേശിച്ച ഡോ. രാഹുൽ മാത്യുവിനെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് ആരോഗ്യവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയും പരാമർശം (2) പ്രകാരം ജൂനിയർ കൺസൽട്ടന്റ് (ജനറൽ സർജറി) തസ്തികയിൽ നിയമനം നൽകി ഉത്തരവ് നൽകുകയും 18.02.2022 അപരാഹ്നത്തിൽ നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും വിടുതൽ ചെയ്തു ടിയാൻ 23.02.2022 പൂർവാഹ്നത്തിൽ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയിരുന്ന ഡോ. രാഹുൽ മാത്യു, അന്യത്ര സേവനത്തിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 19.02.2022 മുതൽ 22.02.2022 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1, ചട്ടം 12 (7 ) ലെ കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)
**ഡോ. വി. മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ. രാഹുൽ മാത്യു ജൂനിയർ കൺസൽട്ടന്റ്, (ജനറൽ സർജറി)

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ, ആലപ്പുഴ
3. സൂപ്രണ്ട്, ജില്ലാ ആശുപതി, മാവേലിക്കര, ആലപ്പുഴ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്